"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2024-25 — കേരള സഹകരണ റിസ്ക്ഫണ്ട് പദ്ധതിയ്ക്ക് ധനസഹായം അനുവദിയ്ക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.302/2024/Co-Op തീയതി,തിരുവനന്തപുരം, 19-06-2024

---

പരാമർശം:- 1. 23/05/2024 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം

2 . സഹകരണ സംഘം രജിസ്ട്രാറുടെ 07/06/2024 ലെ പി & എം എ(5) 5253/2024നം. കത്ത്.

**3. ഇ അനുമതി നം AS/COP/24/ 35030**

**ഉത്തരവ്**

കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിയ്ക്കായി 700 ലക്ഷം രൂപ (എഴുന്നൂറ് ലക്ഷം രൂപ മാത്രം) ധനസഹായം [സബ്സിഡി (2425-107-80-34-3) എന്ന ശീർഷകത്തിൽ നിന്നും അനുവദിയ്ക്കുന്നതിന് 23/05/2024 ലെ വർക്കിംഗ് ഗ്രൂപ്പ് ശുപാർശ നൽകിയിരുന്നു. കേരളസഹകരണ റിസ്ക് ഫണ്ട് പദ്ധതിയ്ക്കായി 2024-2025 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 700.00 ലക്ഷം രൂപയിൽ ഇ ലാംസിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന തുക കഴിച്ച് ബാക്കി നിൽപ്പുള്ള 200.00 ലക്ഷം രൂപ പ്രസ്തുത പദ്ധതിയ്ക്കായി 2024-2025 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതിയും റിലീസ് ഉത്തരവും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കണമെന്ന് സഹകരണ സംഘം രജിസ്ട്രാർ പരാമർശം (2) കത്ത് പ്രകാരം ആവശ്യപ്പെട്ടിരിയ്ക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സഹകരണ സംഘം രജിസ്ട്രാറുടെ ശിപാർശയുടെയും, 23/05/2024 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ, കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിയ്ക്കായി 200 ലക്ഷം രൂപ (ഇരുന്നൂറ് ലക്ഷം രൂപ മാത്രം) ധനസഹായം [സബ്സിഡി (2425-107-80-34-3) എന്ന ശീർഷകത്തിൽ നിന്നും 2024-25സാമ്പത്തിക വർഷത്തിൽ അനുവദിയ്ക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
AJI PHILIP
അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ്,

വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Radhika P
സെക്ഷൻ ഓഫീസർ
Date: 20-06-2024 17:19:23

പകർപ്പ്:- 1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്,

2. സഹകരണ വകുപ്പ് സെക്രട്ടറിയുടെ സി.എ ക്ക്,

3.സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി എ.